റിക്രൂട്ട്മെന്റുകൾ സുതാര്യമാക്കുന്നതിന് നടപടി

102 (4137) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്ന് വിദേശരാജ്യങ്ങളിലേക്കുള്ള റിക്രൂട്ടുമെന്റുകൾ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) വിദേശരാജ്യങ്ങളിലേക്കുള്ള റിക്രൂട്ടുമെന്റ് വ്യവസ്ഥകൾ സുതാര്യമാക്കുന്നതിനും ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചില വിദേശരാജ്യങ്ങളിൽ തദ്ദേശീയർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായി കൊണ്ടുവന്നിട്ടുള്ള സ്വദേശീവൽക്കരണ നിബന്ധനകളെ തുടർന്ന് അവിടങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് കുറഞ്ഞുവരുന്നുണ്ട്. എന്നാൽ ആയത് സംബന്ധിച്ച പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) വിദേശ റിക്രൂട്ട്മെന്റ് സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും കേന്ദ്ര സർക്കാരിന്റെ അധികാരത്തിൽപ്പെട്ട വിഷയങ്ങളാണ്. വിദേശരാജ്യങ്ങളിലേക്കു ഇന്ത്യയിൽ നിന്നുമുള്ള റിക്രൂട്ട്മെന്റ് സുതാര്യമാക്കുന്നതിനായി കേന്ദ്രസർക്കാർ ഇ-മൈഗ്രേറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം വിദേശ തൊഴിൽദായകർ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തശേഷം ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻനയതന്ത്ര കാര്യാലയം ഇത് പരിശോധിച്ച് അംഗീകാരം നൽകുന്നമുറയ്ക്ക് മാത്രമെ രാജ്യത്ത് നിന്നും വിദേശ റിക്രൂട്ട്മെന്റ് നടത്താൻ കഴിയുകയുള്ളൂ. ഈ സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ 18 ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം ഈ സംവിധാനം മുഖേനയാക്കി കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്.

859/2017.

LIBRARY ARCHIVES Kerala Legislative Assembly